നം. PC1- 11618/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 24/03/2017
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കാര്യാലയമേധാവികൾക്കും
(DCPU, SARA ഉൾപ്പെടെ)

സർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – പ്ലാനിംഗ് സെൽ - 'സുനീതി' ത്രൈമാസ വാർത്താ പത്രിക-കുറിപ്പുകൾ സ്വീകരിക്കുന്നത് നിസംബന്ധിച്ച്.

സൂചന :-

വകുപ്പ് പദ്ധതി വിവരങ്ങൾ, നിയമങ്ങൾ എന്നിവ പൊതു ജനങ്ങളിലേയ്ക്ക് എത്തിയ്ക്കുന്നതിനും ഉപഭോക്താക്കളുടെ അനുഭവ കുറിപ്പുകൾ, ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനും വകുപ്പുതല നിരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിനുമായി 'സുനീതി' എന്ന പേരിൽ ഒരു ത്രൈമാസ വാർത്താ പത്രിക വകുപ്പുതലത്തിൽ പ്രസിദ്ധീകരണം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യപതിപ്പ് 2017 മാർച്ച് 8-ാം തീയതി ബഹു. ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി പ്രകാശനം ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വാർത്താ പത്രികയുടെ ജൂൺ മാസത്തെ പതിപ്പ് തയ്യാറാക്കുന്നതിലേക്കായി ലേഖനങ്ങൾ സ്വീകരിക്കുന്നു. ആയത് ചുവടെ ചേർത്തിട്ടുള്ള പ്രകാരം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

I. ദത്തു നൽകൽ ഒരു അനുഭവ കുറിപ്പ്
(നടപടി : പ്രോഗ്രാം മാനേജർ SARA)

II. വയോ സൗഹൃദ അങ്കണവാടികൾ - പകൽവീട്
(നടപടി : എല്ലാ പ്രോഗ്രാം ഓഫീസർമാരും)

III. കുട്ടികൾക്കെതിരെയുള്ള അതിക്രമം – മുൻകരുതലുകൾ
(നടപടി : എല്ലാ DCPU മാരും)

IV. മനോവൈകല്യമുള്ളവരുടെ പുനഃരധിവാസം – സമൂഹത്തിന്റെ പങ്ക്
(നടപടി : എല്ലാ ആശാഭവൻ സൂപ്രണ്ടുമാരും)

V. ലേഖനങ്ങൾ/ ചെറുകഥ/ചിത്രരചന/പെയിന്റിംഗ്/കവിത
(നടപടി : എല്ലാ കാര്യാലയ മേധാവിമാരും)

വിശ്വസ്തതയോടെ,

Jaya

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

Dh/-